Page 1 of 1

ഔട്ട്‌ലെറ്റുകളെയും 56 ഡിപ്പോകളെയും കമ്പ്യൂട്ടർവഴി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ പദ്ധതി രൂപരേഖ (Detailed Project Report) അടിസ്ഥാനമാക്കി ERP (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി

301 (301) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ പെരുങ്കടവിള, മൈലച്ചിൽ, കീഴാറൂർ, തുടലി എന്നീ സ്ഥലങ്ങളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലെ 22-2-2019-ലെ സർക്കാർ ഉത്തരവ് 386/19/ത.സ്വ.ഭ.വ. പ്രകാരമുള്ള വാടകരഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ എന്നിവ അനുവദിച്ച് കിട്ടുന്നതിനുമുള്ള തീരുമാനങ്ങൾകൂടി കൈക്കൊണ്ട് ലഭ്യമാക്കുന്നതിനായി, അതത് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം അനുയോജ്യമായ കെട്ടിടം വാടകരഹിതമായി കണ്ടെത്തി ലഭ്യമാക്കിയാൽ വിൽപ്പന സാധ്യതകൂടി പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവ തുടങ്ങുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രത്യേക കർമ്മ പദ്ധതികളൊന്നും നിലവിലില്ല.

ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകൾ

302 (302) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly